[Mr. K. Ayyappan]

ഇപ്പോൾ കായ്ങ്ങൾ നടത്തിക്കൊണ്ടു പോകുന്നതുമാതിരി നടത്താതിരിക്കാൻ സാധ്യമല്ല.

മിസ്റ്റർ പി. കെ. ഡീവർ: അങ്ങിനെ നടത്തിക്കൊണ്ടുപോകുമ്പോൾ ഗവണ്മെണ്ടിനു വേറൊരു പ്രകാരത്തിൽവരുന്ന നഷ്ടം പരിഹരിക്കാൻ എന്തെങ്കിലും ചെയ്യുന്നുണ്ടോ?

Mr. President: The Hon'ble Member must not be argumentative.

മിസ്റ്റർ പി. കെ. ഡീവർ: ഞാൻ ചോദ്യം വിശദമാക്കാൻവേണ്ടി പറഞ്ഞതാണ്. നഷ്ടം പരിഹരിയ്ക്കാനായി ഗവണ്മെണ്ടിക്കുറി തുക പ്രകാരം പിരിച്ചുകൊടുക്കുന്ന പണത്തിൽനിന്നും എന്തെങ്കിലും തുടായം ഗവണ്മെണ്ടു എടുക്കുന്നുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഈ കായ്ത്തിൽ പ്രത്യേകമായി ഒന്നും പറയാൻ നിവർത്തിയില്ല. ഇതിനെ സംബന്ധിച്ചു കൂടുതൽ പറയണമെന്നുണ്ടെങ്കിൽ നോട്ടീസുവേണം.

മിസ്റ്റർ പി. കെ. ഡീവർ: ഈ കായ്ത്തെ സംബന്ധിച്ചു് ഒന്നാലോചിയ്ക്കാൻ സാധിക്കുമോ?

മിസ്റ്റർ കെ. അയ്യപ്പൻ: ആലോചിയ്ക്കാൻ യാതൊരു വിരോധവുമില്ല.

OPENING OF FOOT-PATHS—PARTICULARS OF

24. (43) **Mr. C. V. Iyyu** *(Kunnamkulam)*: Will Government be pleased to state.—

(*a*) whether the Government has commenced the opening of a foot-path in Perimpulavu Village in Kadavallur Panchayat area to connect Maniyarcode Road and Mosque Road with Pattambi Chowghat Road at 20/1 miles;

(*b*) whether the work is proceeding now or not;

(*c*) whether Government are aware of the inconvenience caused to the ryots of the village to take bullocks, manure, seeds, seedlings, etc;

(*d*) whether they are aware of the inconvenience caused to Muslim and Hindu worshippers going to the Mosque and Maniyarcode temple respectively?

Mr. P. Govinda Menon *(Minister for Finance and Law)*:

(*a*) Yes—a portion of it.

(*b*) The work is completed.

(*c*) The lane would be beneficial to cultivators.

(*d*) The temple and mosque have existed there for a long time and no complaints were received till last year. However the road will also provide an easy approach to these places of worship.

NARAKKAL HOSPITAL—MAINTENANCE FOR IN-PATIENTS—PROVISION FOR 1123

25. (60) **Mr. M. I. Paul** *(Elankunnapuzha)*: Will Government be pleased to state.—

(*a*) what amount the Government have provided or sanctioned for the maintenance of the in-patients in the Narakkal Hospital for the year 1123;

(*b*) whether the Government have stopped any allotment of this amount; if so, why;

(*c*) what is the daily attendance of this hospital and the number of in-patients or the beds?

Mr. C. A. Ouseph *(Minister for Education and Public Health)*:

(*a*) The allotment for the maintenance of the in-patients in the Narakkal dispensary for the year 1123 is Rs. 3,500.

(*b*) No.

(*c*) The average daily attendance of outpatients is 381. The sanctioned number of beds of the hospital is 21.

മിസ്റ്റർ എം. ഐ പോൾ: ബഹുമാനപ്പെട്ട മന്ത്രി അവർകൾ അടുത്തദിവസം ഈ ആസ്പത്രി സന്ദർശിക്കുകയുണ്ടായോ?

മിസ്റ്റർ. സി. എ. ഔസേപ്പ്: ഞാൻ ഞായറ്ക്കൽ ആസ്പത്രി സന്ദർശിച്ചിട്ടുണ്ട്.

മിസ്റ്റർ എം. ഐ. പോൾ: എല്ലാകട്ടിലിന്മേലും രോഗികൾ കിടക്കുന്നതായി കണ്ടുവോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ചില കട്ടിലിന്മേൽ രോഗികൾ ഉണ്ടായിരുന്നു.

മിസ്റ്റർ എം. ഐ. പോൾ: കോലായിലും അടുക്കളയിലും രോഗികൾ കിടക്കുന്നതായി കാണുകയുണ്ടായോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. എ. ഔസേപ്പ്: കോലായിലും അട്ടക്കളയിലും രോഗികളെക്കണ്ടില്ല. രോഗികൾക്ക ശ്രദ്ധണം പാകം ചെയ്യുന്നതിനു് വന്നവർ അട്ടക്കളയിലുണ്ടായിരുന്നു.

മിസ്റ്റർ എം. ഐ. പോൾ: ന, ൽ ൦ ൦ രൂപാ ഒരു കൊല്ലത്തിൽ ഫ്ര രോഗികൾക്ക വച്ചിട്ടുണ്ടല്ലോ. അപ്പോൾ ഒരു രോഗിക്ക് ഒരു ദിവസം എത്ര വീതം കിട്ടും?

മിസ്റ്റർ സി. എ. ഔസേപ്പ്: അതു കണക്ക കൂട്ടിയാൽ അറിയാമല്ലോ. ഗവണ്മെണ്ടിന്റെ ശക്തിയ്ക്കൊത്ത വിധത്തിൽ അവിടെ ചിലവുചെയ്യുവരുന്നുണ്ടു്. ഞാൻ അന്വേഷിച്ചപ്പോൾ ശ്രദ്ധണത്തിനുവേണ്ടി അവിടെ ഒരു രോഗിക്ക് ഒരു ദിവസം എഴണ ആറപൈ ആണ് മൊത്തത്തിൽ വച്ചിട്ടുള്ളതു് എന്നു മനസ്സിലായി.

മിസ്റ്റർ എം. ഐ. പോൾ: അതുകൊണ്ടു മതിയാകുമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതിൽ കൂടുതലായി ഇപ്പോൾ ചിലവുചെയ്യാൻ ഗവണ്മെണ്ടിനു സാദ്ധ്യമല്ല. ഒരാൾക്ക മൊത്തത്തിൽ കിട്ടുന്നകണക്കാണ ഞാൻ പറഞ്ഞതു്. ചിലദിവസം കൂടിയെന്നുംവരാം, ചില ദിവസം കുറഞ്ഞുപോയെന്നുംവരാം. ചിലർക്ക അവരുടെ വീട്ടിൽ നിന്നുതന്നെ ശ്രദ്ധണം കൊണ്ടുവന്നു കൊടുക്കുന്നുണ്ടു്. ചിലർക്ക കുറച്ചുപാലോ മറ്റോമാത്രം മതിയെന്നുംവരാം. ഗവണ്മെണ്ടിനു് ഇപ്പോൾ ഈ കാര്യത്തിൽ ഇതിൽ കൂടുതൽ ചിലവു ചെയ്യാൻ സാദ്ധ്യമല്ല.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: മറ്റു ആസ്പത്രികളിലേയും സ്ഥിതി ഇതുതന്നെയാണോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഇതിലും മോശമായിട്ടുള്ളതുമുണ്ടു്.

മിസ്റ്റർ എം. ഐ. പോൾ: മുന്നൂറിൽചിലപ്പോൾ രോഗികൾ നിത്യേന വന്നിറങ്ങിപ്പോകുന്ന ആ ആസ്പത്രിയിൽ ഫ്ര ഫ്രെഷ്യ്കം മാത്രമേയുള്ളൂ. ആ സ്ഥിതിയ്ക്കു അവിടത്തെയ്ക്കു കൂടുതൽ സംഖ്യ അനുവദിയ്ക്കുവാൻ ഗവണ്മെണ്ടിനു ദയവുണ്ടാകുമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഇപ്പോഴത്തെ സ്ഥിതിയ്ക്കുസാദ്ധ്യമല്ല. പണം കൂടുതൽ ഉണ്ടായാൽ കൂടുതൽ ചിലവാക്കാൻ തയ്യാറാണു്.

INCOME-TAX LAWS—ARTICLES IN THE "GOMATHI" DATED 8th Thulam 1124

26. (33) Mr. C. V. Iyyu *(Kunnamkulam)*: Will Government be pleased to state.—

whether they have perused the Editorial in Column I on page 2 in the "Gomathi" dated 8th Thulam 1124 under the caption "ആദായനികുതിനയം"?

Mr. P. Govinda Menon *(Minister for Finance and Law)*: Yes.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: എഡിറ്റോറിയലിൽ എന്താണു് എഴുതിയിരുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഒന്നു രണ്ടു വ്യക്തികളുടെ പേരിൽ ആദായ നികുതി പിരിക്കുന്നതിനെ സംബന്ധിച്ചു ചില നടപടികൾ എടുത്തതിനെ ആക്ഷേപിച്ചാണു് എഴുതിയിരുന്നതു്.

മിസ്റ്റർ പി. കെ. ഡീവർ: ഏതേതുവ്യക്തികളുടെപേരിൽ നടപടിയെടുത്തതിനെയാണു് ആക്ഷേപിച്ചു് എഴുതിട്ടുള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: V. P. B. നമ്പ്യാരുടെ പേരിലും, ഡോക്ടർ അളകപ്പ ചെട്ടിയാരുടെപേരിലും നടപടികൾ എടുത്തതിനെ സംബന്ധിച്ചാണു് ആക്ഷേപിച്ചെഴുതിയിട്ടുള്ളതു്.

മിസ്റ്റർ പി. കെ. ഡീവർ: നടപടിയെടുക്കാൻ പാടില്ലെന്നുള്ള വിധത്തിലാണോ എഴുതിട്ടുള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഏകദേശം ആ രൂപത്തിലാണു് എഴുതിയിരുന്നതു്.

INSUFFICIENCY OF ACCOMMODATION—GENERAL HOSPITAL

27. (85) Dr: (Mrs.) T. Francis *(Ernakulam-Women)*: Will Government be pleased to state.—

(a) whether the Government is fully aware of the insufficiency of accommodation for patients in General Hospital Ernakulam;

LIBRARY ARCHIVES Kerala Legislative Assembly